(സി) അന്വേഷണത്തിൽ ഈ മരണം സ്വാഭാവിക മരണമല്ലെന്ന് തെളിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കസ്റ്റഡി മരണം ഹൃദ്രോഗം മൂലമാണെന്ന പ്രചരണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ 31-1-2005 വരെ) പോലീസ് കസ്റ്റഡിയിൽ മൂന്ന് മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

ജയിലിൽവച്ച് ആരും മരണമടഞ്ഞിട്ടില്ല. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന തടവുകാരിൽ 15 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) ക്രൈംബ്രാഞ്ച് എസ്.ഐ. ജി-1 ഡിവൈ.എസ്.പി. ശ്രീ. എ. ജെ. തോമസ് കുട്ടിയാണ് അന്വേഷണം നടത്തുന്നത്.

(സി) & (ഡി) നാളിതുവരെ അന്വേഷണത്തിൽ ടിയാന്റെ മരണം ഹൃദ്രോഗം മൂലമാണെന്നാണ് അറിവായിട്ടുള്ളത്. അന്വേഷണം പൂർത്തിയായിട്ടില്ല.

പി. ജെ. ജോണിന്റെ വീട്ടിൽ നടന്ന അക്രമം

23 [1538] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുമാരനെല്ലൂരിൽ താമസിക്കുന്ന പി. ജെ. ജോൺ എന്നയാളിന്റെ വീട്ടിൽ 15-2-2004-ന് പുലർച്ചയ്ക്ക് കുറെ അക്രമികൾ കടന്നുകയറി ഭീകരമായ അക്രമം നടത്തിയതുമായി ബന്ധപ്പെട്ട ക്രൈം 179/04 ആയി ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലോ മറ്റ് ഏതെങ്കിലും പോലീസ് സ്റ്റേഷനിലോ കേസ് എടുത്തിട്ടുണ്ടോ ;

(ബി) എന്താണ് പ്രസ്തുത സംഭവത്തിന്റെ യഥാർത്ഥ വസ്തുതയെന്ന് വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത കേസിലെ പ്രതികൾ ; ഏതെല്ലാം വകുപ്പ് ഇട്ടാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കേസ് രജിസ്റ്റർ ചെയ്യുന്ന കാലഘട്ടത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ എസ്. ഐ. ആരായിരുന്നു ; ബന്ധപ്പെട്ട ഏരിയായിലെ സി. ഐ. ആരായിരുന്നു ; ബന്ധപ്പെട്ട ഏരിയായിലെ ഡിവൈ. എസ്. പി. ആരായിരുന്നു ; പേരുവിവരം വെളിപ്പെടുത്തുമോ ; പ്രസ്തുത കേസ് രജിസ്റ്റർ ചെയ്ത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു ; പേരുവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത അക്രമ സംഭവം പോലീസ് അറിഞ്ഞത് എപ്രകാരമായിരുന്നു ; പ്രസ്തുത കേസിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് ; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; എന്തായിരുന്നു സംഭവത്തിനു നിദാനമായി കരുതുന്ന പ്രശ്നങ്ങൾ എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കേസ് ചാർജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ചെയ്തിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) കേസന്വേഷണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്; ഇപ്പോൾ ഏത് ഏജൻസിയാണ് കേസ് അന്വേഷിക്കുന്നത്;

(എച്ച്) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഐ) പ്രസ്തുത സംഭവത്തിൽ അക്രമികൾ സഞ്ചരിച്ചതായി പറയുന്ന വാഹനങ്ങൾ ഏതെല്ലാം; വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പരും മറ്റ് വിശദവിവരങ്ങളും ലഭ്യമാക്കുമോ;

(ജെ) പ്രസ്തുത അക്രമ സംഭവത്തിന്റെ പിന്നിൽ നടന്ന ഗൂഡാലോചന സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ശ്രീ പി. റ്റി. ജോൺ വാദിയായി ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ 15-2-2004-ൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം 79/04 എന്നാണ് ആ കേസിന്റെ നമ്പർ.

(ബി) പി. റ്റി. ജോണിന്റെ വീട്ടിൽ കണ്ടാലറിയാവുന്ന നാലു പ്രതികൾ അതിക്രമിച്ചു കടന്ന് ടിയാനെയും ടിയാന്റെ ഭാര്യാപിതാവിനെയും ദേഹോപദ്രവം ഏല്പിച്ചു എന്നതാണ് കേസിനാസ്പദമായ പരാതി.

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. കണ്ടാലറിയാവുന്ന നാലു പ്രതികളുടെ പേരിൽ ഇൻഡ്യൻ ശിക്ഷാ നിയമം 452, 341, 323, 326, 34 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എസ്. ഐ.—ശ്രീ ജോസഫ് എബ്രഹാം

സി. ഐ.—ശ്രീ മുഹമ്മദ് റഫീഖ്

ഡിവൈ. എസ്. പി.—ശ്രീ മാർട്ടിൻ കെ മാത്യു

കേസ് രജിസ്റ്റർ ചെയ്ത എസ്. ഐ.—ശ്രീ ജോസഫ് എബ്രഹാം.

(ഇ) ഗാന്ധിനഗർ ആശുപത്രിയിൽ നിന്ന് അറിയിപ്പ് പ്രകാരമാണ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വിവരമറിഞ്ഞത്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. അക്രമത്തിന് നിദാനമായ പ്രശ്നങ്ങൾ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വെളിവാകുന്നതാണ്.

(എഫ്) & (ജി) കേസ് ചാർജ്ജ് ചെയ്തിട്ടില്ല. പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കേസിൽ ഊർജിതമായ അന്വേഷണം നടത്തിവരുന്നു. ഗാന്ധിനഗർ പോലീസാണ് അന്വേഷണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇല്ല. ക്രൈംബ്രാഞ്ചിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടില്ല.

(ഐ) വാഹനം ഏതാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല.

(ജെ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ വെളിവാകുകയുള്ളു.

ബലാൽക്കാരശ്രമത്തിനെതിരെ കേസ്

24 [1539] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനതിർത്തിയിൽ പനങ്ങോട് പഞ്ചായത്തിലെ ആദിവാസിയായ കാപ്പിക്കുന്നുമ്മൽ ഷാലുവിന്റെ ഭാര്യ സുചന എന്ന ആദിവാസി യുവതിയെ പനങ്ങാട് പ്രൈമറി ഹെൽത്ത് സെന്ററിൽ ഫാർമസിസ്റ്റ് ബലാൽക്കാരം ചെയ്യുവാൻ ശ്രമിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സെക്ഷനനുസരിച്ചാണ് എന്ന് വിശദമാക്കാമോ ;

(ബി) പ്രതിയെ അറസ്റ്റ് ചെയ്തുവോ; കേസ് ചാർജ്ജ് ചെയ്തുവെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 46/05 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 354, 323, 506 (1), ആന്റ് എസ്.സി/എസ്.റ്റി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ടിലെ 3 (1), (2) എന്നീ വകുപ്പുകൾ അനുസരിച്ചാണ് കേസ്.

(ബി) പ്രതി കോടതിയിൽ ഹാജരായപ്പോൾ കോടതി പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അകാരണമായി അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ടതിനെതിരെ നടപടി

25 [1540] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽപ്പെട്ട തിരുവങ്ങാട് വില്ലേജിലെ കുട്ടിമാക്കൂൽ സ്വദേശി പൊച്ചേരി സ്വദേശി സഹദേവനെ 17-12-2004-ന് തലശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അകാരണമായി വീട് വളഞ്ഞ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly